[Mr. M. K. Verghese]

(ബി) എ-യുടെ ഉത്തരം 'ഉവ്വ്" എന്നാണെങ്കിൽ എത്ര ആനകളെ പാട്ടത്തിനു്എടുത്തിട്ടുണ്ടു്;

(സി) അവക്കു് ദിവസേന എത്ര ഉറപ്പിക എക്കം കൊടുക്കുന്നു?

റാവുസാഹിബു് കെ. അയ്യപ്പൻ:

(എ) ഉവ്വു്.

(ബി) മൂന്നു്.

(സി) രണ്ടെണ്ണത്തിനു് ൫൦ക. വീതവും, മൂന്നാമത്തേതിനു് ൩൦ക. വീതവും.

LIBRARY AT NEDUNGAD

159. ചൌധരി ജി. എസ്സു്. ധാരാസിംഗു്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

നെടുങ്ങാട്ടു പ്രദേശത്തെ വായനശാല ഒരു ഒന്നാംഗ്രേഡു വായനശാലയായി ഉയർത്തണമെന്നു കാണിച്ചു് അവിടെനിന്നും വല്ല അപേക്ഷകളോ മറ്റോ ഗവണ്മെണ്ടിനു കിട്ടിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

ഇല്ല.

TEXTILE SHOPS—LICENSES—ISSUE OF

160. Mr. P. Kumaran Ezhuthassan *(Vadakkancheri):* Will Government be pleased to state.—

(*a*) how many applications for fresh issue of license for textiles had been received since 1st Kanni 1122 and inclusive of 31st Edavam 1122;

(*b*) how many of the applications in (*a*) were allowed and how many refused;

(*c*) the names with the villages of persons to whom licenses were issued from the applicants in (*a*)?

Mr. P. Govinda Menon *(Minister for Food and Education)* :

(*a*) 854 applications had been received for fresh issue of license for textiles (including for weaving) since 1st Kanni 1122 and inclusive of 31st Edavam 1122.

(*b*) 139 applications were allowed and the rest 715 were refused.

(*c*) Please see the list attached. (Appendix I)

NEWSPAPER ADVISORY COMMITTEE—PARTICULARS REGARDING

161. മിസ്റ്റർ കെ. എ. രാഘവൻ; താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടിപറയുമോ?

(എ) കൊച്ചിയിൽ ഒരു പത്ര ഉപദേശകസമിതിയെ സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) ആരൊക്കെയാണു് അതിലെ അംഗങ്ങൾ;

(സി) എന്നാണു് ഈ സമിതി സംഘടിതമായതു്;

(ഡി) എന്താണു സമിതിയുടെ അധികാരാവകാശങ്ങൾ അഥവാ, പ്രവർത്തനങ്ങൾ;

(ഇ) ഈ സമിതി സംഘടിച്ച ശേഷം ഗവണ്മെണ്ടു് ഏതെങ്കിലും പത്രങ്ങളുടെ പേരിൽ വല്ല നടപടിയും കൈക്കൊണ്ടിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതു പത്രത്തിന്റെ പേരിലാണു്,

(ജി) പത്രോപദേശക സമിതിയോടു് ആലോചിച്ചുകൊണ്ടോ അവരെ അറിയിച്ചുകൊണ്ടോ ആണോ ഈ നടപടി നടത്തിയതു്;

(എച്ചു്) ഇപ്രകാരം അവരോടാലോചിക്കാതെ നടപടി നടത്തിയതിനെപ്പറ്റി കമ്മിറ്റി വല്ല എതിരഭിപ്രായവും പുറപ്പെടുവിച്ചിട്ടുണ്ടോ?

മിസ്റ്റർ പോറ്റം പി. മാമ്പിള്ളി :

(എ) ഉവ്വു്.

(ബി) ക. മിസ്റ്റർ ടി. ചെറിയാൻ (പത്രാധിപർ, ദീപം)

ഖ. മിസ്റ്റർ വി. ആർ. കൃഷ്ണൻ എഴത്തച്ഛൻ (പത്രാധിപർ, ദീനബന്ധു)

ഗ. ,, കെ. വി. രാഘവൻനായർ (പത്രാധിപർ, ഗോമതി)

ഘ. ,, സി. ജെ. ചിറയത്തു് (പത്രാധിപർ, നവലോകം)

LIBRARY ARCHIVES Kerala Legislative Assembly